**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്ക്പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റും നിലവിൽ മെമ്പറുമായ ശ്രീമതി സുമ ചെറിയാന് തലച്ചോറിന് ഉണ്ടായ അസുഖത്തെത്തുടർന്ന് ചികിത്സയ്ക്ക് ചെലവായ 4,99,526/- രൂപ റീ ഇംബേഴ്സ്മെന്റ് ആയി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.2026/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 20/09/2019

================================================================

പരാമർശം :-
1. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 14.02.2019 – ൽ കൂടിയ അടിയന്തിര യോഗത്തിലെ V1(3) നമ്പർ തീരുമാനം.
2. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2019 ലെ കത്തും അനുബന്ധമായുള്ള ശ്രീമതി സുമ ചെറിയാന്റെ ചികിത്സാ രേഖകളും.
3. ഗ്രാമ വികസന കമ്മീഷണറുടെ 01.08.2019 -ലെ 5620/ഡിപി5/19/സിആർഡി നം കത്ത്.
4. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.05.2019 ലെ കത്ത്.

## <u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റും നിലവിൽ മെമ്പറുമായ ശ്രീമതി സുമ ചെറിയാന് തലച്ചോറിന് ഉണ്ടായ അസുഖത്തെത്തുടർന്ന് ചികിത്സയ്ക്ക് ചെലവായ 4,99,526/- രൂപ റീ ഇംബേഴ്സ്മെന്റ് ആയി അനുവദിക്കണമെന്ന് പരാമർശം (1) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി. ആയതിനുള്ള തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാണെന്ന് പരാമർശം (4) പ്രകാരം അറിയിച്ചിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി സുമ ചെറിയാന്റെ അപേക്ഷ, ചികിത്സാ രേഖകളുടെ പകർപ്പ്, ബ്ലോക്ക് പഞ്ചായത്ത് അടിയന്തിര യോഗതീരുമാനം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ശുപാർശ, ഗ്രാമ വികസന കമ്മീഷണറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലും ആവശ്യമായ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായതിനാലും. പുളിക്കീഴ് ബോക്ക്പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റും നിലവിൽ മെമ്പരുമായ ശ്രീമതി സുമ ചെറിയാന് ചികിത്സയ്ക്ക് ചെലവായ 4,99,526/- രൂപ (നാല്പ ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) റീ ഇംബേഴ്സ്മെന്റ് ആയി ബ്ലോക്ക്

പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനാമോൾ കെ.ജെ.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രസിഡന്റ്/ സെക്രട്ടറി, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
ശ്രീമതി സുമ ചെറിയാൻ, മെമ്പർ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ